# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 120

23.01.2018 ൽ മറുപടിക്ക്

**പോലീസ് ലാത്തിച്ചാർജ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ എത്ര പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്; | (എ) | ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ 12 പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്. |
| (ബി) | മുന്നറിയിപ്പ് നൽകാതെ നടത്തിയ ലാത്തിച്ചാർജ്ജുകൾ എത്രയെന്നറിയിക്കുമോ; | (ബി) | മുന്നറിയിപ്പ് നൽകാതെ ലാത്തിച്ചാർജ്ജുകൾ ഒന്നും നടത്തിയിട്ടില്ല. |
| (സി) | സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നേരെ ഇക്കാലത്ത് എത്ര ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്; | (സി) | പോലീസിന്റെ നിർദ്ദേശം മറികടന്ന് അക്രമാസക്തരായി സമരം ചെയ്ത സ്കൂൾ കോളേജ് വിദ്യാർത്ഥികളെ പിരിച്ചുവിടുന്നതിന്റെ ഭാഗമായി പോലീസ് നിയമാനുസൃതമായ ബലപ്രയോഗം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 3 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ എത്ര പേർക്ക് പരിക്കേറ്റു എന്നറിയിക്കുമോ; | (ഡി) | പ്രസ്തുത സംഭവങ്ങളിൽ 13 പോലീസുകാർക്കും 12 സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും പരിക്കേറ്റിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ലാത്തിച്ചാർജ്ജുകളെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (ഇ) | 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇതിൽ പോലീസിന്റെ അതിക്രമം നടന്നതായുള്ള എത്ര കേസുകളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | പോലീസിന്റെ അതിക്രമം നടന്നതായുള്ള കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.